# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235 05.05.2017-ലെ മറുപടിക്ക്

## അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി പ്രസേനൻ<br>ശ്രീ.ഇ.പി ജയരാജൻ<br>പ്രൊഫ.കെ.യു അരുണൻ<br>ശ്രീ.കെ.അൻസലൻ | ശ്രീ.സി.രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ഖജനാവിൽ നിന്ന് ശമ്പളം പറ്റുന്ന അഞ്ചു ലക്ഷത്തിൽ അധികം വരുന്ന ജീവനക്കാരിൽ ഇരുപത്തിയേഴ് ശതമാനം വരുന്ന എയ്ഡഡ് സ്കൂൾ/കോളേജുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽ എത്ര ശതമാനം പേർ പട്ടികജാതി/ പട്ടികവർഗ്ഗക്കാരുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) കണക്കെടുത്തു വരുന്നു. |
| (ബി) സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നല്കുന്നതിനാൽ വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഈ മേഖലയിൽ കൂടി സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിഗണിക്കുമോ; | (ബി) എയ്ഡഡ് കോളേജുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കണമെന്ന് 32393/2010 തുടങ്ങിയ റിട്ട് ഹർജികളിന്മേൽ 25/2/15-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്മേൽ എയ്ഡഡ് മാനേജ്മെന്റുകൾ സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ഈ കേസുകളിൽ അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സർക്കാർ ജീവനക്കാരുടെ എണ്ണം കുറയ്ക്കുകയും പകരം കരാർ വൽക്കരണവും സ്വകാര്യ വൽക്കരണവും കേന്ദ്ര സർക്കാർ നയമായി മാറുകയും ചെയ്തിട്ടുള്ളതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ ഈ മേഖലകളിൽ കൂടി സംവരണം ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | ഉണ്ട്. ഈ മേഖലയിൽ കൂടി സംവരണം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ